**TOMIN J. THACHANKARY, IPS**
*Additional Director General of Police &*
*Transport Commissioner*
*Kerala*

II FLOOR, TRANS TOWERS, VAZHUTHACAUD
THIRUVANANTHAPURAM-695 014

Phone: Office : 0471-2333314
Fax : 0471-2333314
Mobile : 8547639090

E-mail : tc@keralamvd.gov.in

# പത്രക്കുറിപ്പ്

**മോട്ടോർ വാഹന വകുപ്പിന്റെ 73 റീജിയണൽ/സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ എം.വി.ഡി. ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നു**

ആദ്യ എം.വി.ഡി. ഇ-സേവാ കേന്ദ്രം തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ആരംഭിയ്ക്കുന്നു. ആദ്യഘട്ട ഉത്ഘാടനം ബഹു: വനം ഗതാഗത വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്ന് 02.30 മണിയ്ക്ക് തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിർവ്വഹിയ്ക്കുന്നു.

അക്ഷയ, ഫ്രണ്ട്സ് തുടങ്ങി ജനസേവന കേന്ദ്രങ്ങളുടെ മാതൃകയിൽ മോട്ടോർ വാഹന വകുപ്പിന് മാത്രമായി എം.വി.ഡി. ഇ-സേവാ കേന്ദ്രം വഴി പൊതുജനങ്ങൾക്ക് വകുപ്പിന്റെ ഓൺലൈൻ വഴിയുള്ള മുഴുവൻ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമില്ലാത്ത വാഹന ഉടമകൾക്കും, ഡ്രൈവർമാർക്കും ഈ സേവനം വലിയ സൗകര്യമായിരിയ്ക്കും.

**എം.വി.ഡി. ഇ-സേവാ കേന്ദ്രം — പ്രവർത്തനം**

നിലവിൽ 25 ഓളം സേവനങ്ങൾ പൂർണ്ണമായി മോട്ടോർ വാഹന വകുപ്പിന്റെ വെബ്-പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും വാഹന ഉടമകൾക്ക് സ്വന്തമായി ഇന്റർനെറ്റ് സൗകര്യത്തിന്റെ അഭാവത്താലും, മറ്റു സാങ്കേതിക കാരണങ്ങളാലും ഇതിന്റെ പൂർണ്ണ പ്രയോജനം ലഭ്യമായിട്ടില്ല. ആയതുകൊണ്ട് അത്തരക്കാർ പലവിധ ചൂഷണങ്ങൾക്കും ഇരയായിവരുന്നു. ഇത്തരം ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും, പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഇ-സേവാ കേന്ദ്രം ആരംഭിയ്ക്കുന്നത്.

എം.വി.ഡി. ഇ-സേവാ കേന്ദ്രം വഴി താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

**License (ലൈസൻസ് സംബന്ധമായി)**

New Learner's License

License Particulars

Change of Address in DL

New Badge

Addition of Class in DL

Duplicate License

License Renewal

DL Change(Other State)

IDP Application

DL Test Date Change

**Vehicles (വാഹന സംബന്ധമായി)**

RC Particulars

Duplicate RC

Change of Address in RC

Registration Renewal

Endorse Hypothecation

Cancel Hypothecation

Transfer of Ownership

No Objection Certificate

Re-Assignment (RMA)

Booking CF Test Date

**STA Permit (പെർമിറ്റ് സംബന്ധമായി)**

Fresh Permit

Permit Renewal

Authorisation Renewal

Permit Transfer

Permit Cancel

നികുതി അടയ്ക്കുവാനുള്ള സൗകര്യം ഉടൻ ഏർപ്പെടുത്തുന്നതാണ്.

നിലവിൽ ഒരു അപേക്ഷ തയ്യാറാക്കുന്നതിന് രൂപ 20/-ഉം ഓരോ പേജ് പ്രിന്റിനും രൂപ 2/- വീതവും ഈടാക്കുന്നതാണ്.

ഇവരുടെ സേവനം രാവിലെ 8 മുതൽ വൈകിട്ട് 5 മണിവരെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ലഭ്യമായിരിക്കും.

ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്ക് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ പ്രത്യേക പരിഗണന ലഭിക്കുന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങളാണ് ഈ സേവനം നൽകുന്നത്.

3.2.16

ടോമിൻ ജെ. തച്ചങ്കരി. ഐ.പി.എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ

തിരുവനന്തപുരം.
03-02-2016